# 74. ഇസ്ലാമിക് ബാങ്കിങ്

**വ്യാപാരം** നടത്തി ലാഭമുണ്ടാക്കുന്നതിന് ഇസ്ലാം എതിരല്ല. എന്നാൽ, പണം കടം കൊടുത്തു പലിശ വാങ്ങുന്നതിനെ വിശുദ്ധ ഖുർആൻ വ്യക്തമായി നിരോധിച്ചിട്ടുണ്ട്. ഈ നിരോധനം സമ്പദ്‌വ്യവസ്ഥയിൽ ഉളവാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെപ്പറ്റി മുസ്ലിങ്ങൾ കാര്യമായി ചിന്തിച്ചുതുടങ്ങിയത്, പക്ഷേ, അടുത്തകാലത്തു മാത്രമാണ്.

മുതലാളിത്ത വ്യവസ്ഥിതി കെട്ടിപ്പടുത്തിട്ടുള്ളത് പലിശയിന്മേലാണല്ലോ. ഈ വ്യവസ്ഥിതിയിൽ സമ്പാദകർ (സേയ്‌വർ) എന്നും നിക്ഷേപകർ (ഇൻവെസ്റ്റർ) എന്നും രണ്ടു വർഗങ്ങളായി ജനങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. കഠിനമായ അദ്ധ്വാനത്തിലൂടെ തങ്ങൾ നേടുന്നതിന്റെ ഒരു ഭാഗം സമ്പാദകർ ഭാവിയിലേക്കുവേണ്ടി കരുതിവെക്കുന്നു. ഈ സമ്പാദ്യം വാങ്ങി ഉപയോഗിച്ച് നിക്ഷേപകർ വ്യവസായങ്ങൾ നടത്തുന്നു. സമ്പാദകരെയും നിക്ഷേപകരെയും കൂട്ടിയിണക്കുന്ന കണ്ണിയാണ് ബാങ്ക് പോലെയുള്ള മധ്യവർത്തികളായ പണമിടപാടു സ്ഥാപനങ്ങൾ. സമ്പാദകർക്കു കാലാകാലങ്ങളിൽ നിശ്ചിതമായ പലിശ നൽകാമെന്നും, നിശ്ചിതാവധികളിൽ മൂലധനം തിരിച്ചുകൊടുക്കാമെന്നും ഉറപ്പു നൽകി, ഈ മധ്യവർത്തികൾ സമ്പാദകരുടെ കൈയിലുള്ള സമ്പാദ്യം വാങ്ങി ശേഖരിക്കുന്നു. സമ്പാദകർക്കു കൊടുക്കേണ്ട പലിശയുടെ ഏതാണ്ടു നാലിരട്ടി പലിശ വാങ്ങി അവർ ഈ സമ്പാദ്യം നിക്ഷേപകർക്കു നൽകുന്നു. നിക്ഷേപകർ ഈ സമ്പാദ്യത്തെ മൂലധനമായി ഉപയോഗപ്പെടുത്തി വ്യവസായങ്ങൾ നടത്തി വലിയ തോതിൽ ലാഭമുണ്ടാക്കുന്നു. ലാഭത്തിൽ ഒരു ചെറിയ ഓഹരി അവർ പലിശയായി ബാങ്കുകൾക്കു നൽകുന്നു. ശേഷിച്ച ലാഭം അവർ എടുക്കുന്നു. തങ്ങൾക്കു കിട്ടുന്ന പലിശയിൽ കഷ്ടിച്ചു നാലിലൊന്ന് ബാങ്കുകൾ സമ്പാദകർക്കു കൊടുക്കുന്നു. ബാക്കി നാലിൽ മൂന്നും അവർ എടുക്കുന്നു. ഈ വിവരണത്തിൽനിന്ന്, പലിശ എന്ന ഏർപ്പാടിലൂടെ ലാഭമുണ്ടാക്കുന്നവർ നിക്ഷേപകരും മധ്യവർത്തികളായ ബാങ്കുകളുമാണെന്നും, സമ്പാദകർക്കു പലിശസമ്പ്രദായം എപ്പോഴും നഷ്ടകരമേ ആയിരിക്കൂ എന്നും കാണാൻ പ്രയാസമില്ല.

സമ്പാദകർക്കെന്നപോലെ നിക്ഷേപകർക്കും പലപ്പോഴും, പലിശസമ്പ്രദായം ഹാനികരമാകാറുണ്ട്. നിർഭാഗ്യവശാൽ വ്യാപാരത്തിൽ ലാഭമുണ്ടാകാത്തപ്പോഴും നിക്ഷേപകർ മധ്യവർത്തികൾക്കു പലിശ കൊടുക്കേണ്ടിവരുന്നു. ഫലം കിട്ടിത്തുടങ്ങാൻ വളരെക്കാലം കാത്തിരിക്കേണ്ട വ്യവസായങ്ങളിൽ പലിശയ്ക്കു കടം വാങ്ങി മൂലധനം നിക്ഷേപിക്കുന്നത് ഒരിക്കലും ബുദ്ധിപൂർവമായിരിക്കയില്ല. കടം കയറി മുടിഞ്ഞവർ ഇന്നും കുറവല്ലല്ലോ.

അതിനാൽ, സമ്പാദകരെയും നിക്ഷേപകരെയും പരസ്പരം ഘടിപ്പിക്കുന്നതിനു പലിശയല്ലാതെ മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിക്കൂടെ? സമ്പാദകരെക്കൂടി വ്യവസായത്തിൽ പങ്കാളികളാക്കുകയും, വ്യവസായത്തിലെ ലാഭനഷ്ടങ്ങളിൽ അവർക്കു നേരിട്ടു പങ്കു നൽകുകയുമാണ് പലിശ സമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള മാർഗമായി ഇസ്‌ലാമിൽ വിശ്വസിക്കുന്ന സാമ്പത്തികചിന്തകന്മാർ നിർദേശിക്കുന്നത്.

പലിശസമ്പ്രദായം എടുത്തുകളഞ്ഞ്, പകരം 'ലാഭനഷ്ടപ്പങ്കാളിത്തം' (പ്രോഫിറ്റ് ലോസ് ഷെയറിങ്—പി. എൽ. എസ്.) നടപ്പിൽ വരുത്തിയ ബാങ്കുകളെ **'ഇസ്ലാമിക് ബാങ്കുകൾ' എന്നു വിളിക്കുന്നു.**

പലിശസമ്പ്രദായത്തെ വിശുദ്ധ ഖുറാൻ നിരോധിച്ചതിനു ശേഷവും പതിന്നാലു നൂററാണ്ടുകളോളം മുസ്ലിങ്ങൾ പൊതുവെ പലിശസമ്പ്രദായത്തിൽ അസ്ഥിവാരമുറപ്പിച്ച യൂറോപ്യൻ ബാങ്കിങ്ങിനെത്തന്നെയാണ്, സമ്പാദ്യം സ്വരൂപിക്കുന്നതിനും മൂലധനത്തിനുംവേണ്ടി ആശ്രയിച്ചവന്നതു്. ഇപ്പോഴും മുസ്ലിങ്ങളുടെ സമ്പാദ്യത്തിൽ ഭൂരിഭാഗവും നിക്ഷേപിക്കപ്പെടുന്നതും മുസ്ലിങ്ങളുടെ വ്യവസായസ്ഥാപനങ്ങൾ ഏറെക്കുറെ മുഴുവനും മൂലധനത്തിനും മററുമായി ആശ്രയിക്കുന്നതും പലിശയിൽ ഊന്നിനില്ക്കുന്ന ബാങ്കുകളെത്തന്നെ.

പലിശ ഒഴിവാക്കി ബാങ്കിങ് നടത്താനാവുമോ? ഇതു സംബന്ധിച്ച പരീക്ഷണങ്ങൾ ആരംഭിച്ചതു വെറും ഇരുപതു വർഷങ്ങൾ മുമ്പാണ്. 1960-കളിൽ ഡോക്ടർ അഹമദ് എൽനഗ്ഗർ എന്ന പ്രഫസർ പലിശയ്ക്കു പകരം സമ്പാദകർക്കു നിക്ഷേപകരുടെ, കൂട്ടത്തിലും കൃഷിക്കാരുടെ,ലാഭനഷ്ടങ്ങളിൽ പങ്കാളിത്തം നൽകുന്ന ഏതാനും ഗ്രാമീണ ബാങ്കുകൾ ഈജിപ്റ്റിൽ നൈൽനദിയുടെ ഡെൽററയിലുള്ള ഗ്രാമങ്ങളിൽ നടത്തിനോക്കി. ഇതു വിജയപ്രദമായിക്കണ്ടപ്പോൾ, മുസ്ലിംരാഷ്ട്രങ്ങളിലെങ്ങും ഇത്തരം ബാങ്കുകൾ സ്ഥാപിക്കാൻ ഡോക്ടർ എൽനഗ്ഗർ സൗദി അറേബ്യയുടെ സഹായം തേടി. എൽനഗ്ഗറുടെ കഠിന പരിശ്രമത്തിൻഫലമായി 1973-ൽ ജെദ്ദയിൽ 'ഇസ്ലാമിക ഡവലപ്മെൻറ് ബാങ്ക്' സ്ഥാപിക്കപ്പെട്ടു. പിന്നീടു പല മുസ്ലിം രാഷ്ട്രങ്ങളിലുമായി ഒരു ഡസനോളം ഇസ്ലാമിക് ബാങ്കുകൾ തുറന്നിട്ടുണ്ട്. ഈജിപ്റ്റ്, സുഡാൻ, ജോർഡാൻ, കുവൈത്ത്, ദുബായ്, ബഹ്റൈൻ, ഷാർജ എന്നിവിടങ്ങളിൽ ഇപ്പോൾ ഇസ്ലാമിക ബാങ്കുകൾ പ്രവർത്തിച്ചുവരുന്നു. ബ്രിട്ടനിലെ ഇരുപതു ലക്ഷത്തോളം മുസ്ലിങ്ങൾക്കുവേണ്ടി 'ഇസ്ലാമിക് ഫിനാൻസ് ഹൗസ്' എന്ന പേരിൽ ഒരു ഇസ്ലാമിക് ബാങ്ക് ഇക്കഴിഞ്ഞ സെപ്റ്റംബറിൽ ലണ്ടനിൽ ആരംഭിച്ചിരിക്കുന്നു. മൂന്നു കൊല്ലം മുമ്പ് ലക്സംബൂർഗിൽ രജിസ്റ്റർ ചെയ്ത 'ഇസ്ലാമിക് ബാങ്കിങ് സിസ്റ്റം' എന്ന സംഘടനയുടേതാണ് ഈ ലണ്ടൻ ബാങ്ക്. മലേഷ്യയിലും അടുത്തു് ഒരു ഇസ്ലാമിക് ബാങ്ക് പ്രവർത്തനം ആരംഭിക്കുമത്രേ. മററു രാജ്യങ്ങളിൽ ഇസ്ലാമിക് ബാങ്കുകൾ സ്ഥാപിക്കുന്നതിൽ സഹായിക്കുന്നതിനു് 'ഇസ്ലാമിക് ബാങ്കുകളുടെ അന്താരാഷ്ട്രീയഅസോസ്യേഷൻ (ഐ. എ. ഐ ബി.) എന്നൊരു സ്ഥാപനം ഈജിപ്റ്റിലെ കെയ്റോ പട്ടണത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം ബാങ്കുകളിലെ ഉദ്യോഗസ്ഥന്മാർക്കു പരിശീലനം നൽകുന്നതിനും മററുമായി ഒരു ഇസ്ലാമിക് ഇക്കണോമിക്ക് റിസർച്ച് ഇൻസ്റ്റിററ്യൂട്ട് കെയ്റോയിൽ ഡോക്ടർ എൽനഗ്ഗർ സ്ഥാപിച്ചിട്ടുമുണ്ട്.

പാകിസ്ഥാൻ ഒരു ഇസ്ലാമിക രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടല്ലോ. ഇതിനർത്ഥം, വിശുദ്ധ ഖുറാനിൽ നിർദേശിച്ച സാമൂഹ്യ-സാമ്പത്തികവ്യവസ്ഥ നിലവിൽ വരുത്തുന്നതിനു് പാകിസ്ഥാൻ ഗവൺമെൻറ് പരിശ്രമിക്കുമെന്നാണ്. ഇസ്ലാമിക് സമ്പദ്വ്യവസ്ഥ, ഏതെങ്കിലും രൂപത്തിൽ പലിശ വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്നതിനെതിരാകുന്നു. അതേസമയം പാകിസ്ഥാനിൽ നിലവിലുള്ള മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ ആധാരം പലിശയാണ്. ഇന്നത്തെ സമ്പദ്വ്യവസ്ഥ പെട്ടെന്നു തകരാറിലാക്കാതെ, അതിനെ ക്രമത്തിൽ എങ്ങനെ ഇസ്ലാമീകരിക്കാമെന്നതാണ് പാകിസ്ഥാനിലെ ധനശാസ്ത്രജ്ഞന്മാരുടെയും ഭരണാധികാരികളുടെയും മുമ്പിൽ ഇന്നുള്ള പ്രശ്നം. അതായതു്, സമ്പാദകരും നിക്ഷേപകരും അവർക്കിടയിൽ ബാങ്കുകളും ഇന്നത്തെപ്പോലെ നിലനിൽക്കണം. പക്ഷേ, ഇവർ ആരും പലിശ കൊടുക്കുകയും വാങ്ങുകയുമരുതു്; പകരം സാമ്പത്തിക ഇടപാടുകളിലെ ലാഭനഷ്ടങ്ങളിൽ ഇവർക്കെല്ലാം പങ്കാളിത്തമുണ്ടാവണം.

പാകിസ്ഥാൻ ഗവൺമെൻറ് ഈ ലക്ഷ്യം മുൻനിറുത്തി ചില നടപടി

കറം കൈക്കൊണ്ടുതുടങ്ങിയിട്ടുണ്ട്. പാകിസ്ഥാൻ കറൻസി ഉപയോഗപ്പെടുത്തി നടത്തുന്ന വ്യവസായങ്ങറംക്ക് ബാങ്കുകളിൽനിന്നുള്ള വായ്പകളെ പലിശയിൽനിന്നു വിടർത്തുകയും ഈ വായ്പകളിൽ പണം നിക്ഷേപിക്കുന്നവരെ വ്യവസായങ്ങളുടെ ലാഭനഷ്ടങ്ങളിൽ പങ്കാളികളാക്കുകയുമാണു മുഖ്യമായ ഒരു നടപടി. ഇതിനായി ബാങ്കുകളിൽ പി. എൽ. എസ്. (ലാഭനഷ്ടപ്പങ്കാളിത്തം) അക്കൗണ്ടുകറം തുടങ്ങിയിരിക്കുന്നു. പണം നിക്ഷേപിക്കുന്നതു സംബന്ധിച്ച സാങ്കേതിക രീതികളിലും, രേഖകളിലും പല മാററങ്ങളും ഇതിനുവേണ്ടി വരുത്തിയിട്ടുണ്ട്. രണ്ടാമതായി, പല സാമ്പത്തിക സ്ഥാപനങ്ങളുടേയും പ്രവർത്തനം ലാഭനഷ്ടപ്പങ്കാളിത്താടിസ്ഥാനത്തിലാക്കിയിരിക്കുന്നു. മൂന്നാമതായി ഈ അടിസ്ഥാനത്തിൽ വിനിയോഗിക്കുന്നതിനു കുറെ ഏറെ പണം മാററിവെച്ചിരിക്കുന്നു. നാലാമതു്, ലാഭനഷ്ടപ്പങ്കാളിത്താടിസ്ഥാനത്തിലുള്ള ദീർഘകാല നിക്ഷേപങ്ങളുടെയും സേവിങ്സ് അക്കൗണ്ടുകളുടെയും ഗുണം ജനങ്ങറംക്കിടയിൽ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്യുന്നു.

ബാങ്കിൽ പണമിടുന്നവർക്ക് വ്യവസായത്തിൽ പങ്കാളിത്തം കൈവരുന്നതെങ്ങനെ? വ്യവസായത്തിനുവേണ്ടി വായ്പയായി നൽകുന്ന തുകയുടെ അടിസ്ഥാനത്തിൽ, വ്യവസായത്തിൽ ധനനിക്ഷേപകനു പണയാവകാശം (ലീസ്) സൃഷ്ടിക്കാം. അല്ലെങ്കിൽ നിക്ഷേപകൻ ഓഹരികളായി പണമടച്ച് വ്യവസായത്തിന്റെ ഉടമ കൈവശമാക്കുന്നു എന്നു് (ഹയർപർച്ചേസ്) സങ്കല്പിക്കാം. വ്യവസായത്തിൽ ആകെ ഉണ്ടാകുന്ന ലാഭം വായ്പ നൽകുന്നവരും വ്യവസായ ഉടമകളും ഏതു് അനുപാതത്തിൽ പങ്കിടണമെന്നു മുൻകൂട്ടി നിശ്ചയിക്കുകയും (മാർക്ക് അപ്പ്) ആകാം. കാർഷിക വായ്പകളിലും മററും ഈ ഏർപ്പാടാണു് മുഖ്യമായി അവലംബിക്കുന്നതു്. ഒരാറം (അല്ലെങ്കിൽ കുറെ ആളുകറം) പണം നിക്ഷേപിക്കുക, വേറെ ഒരാറം (അല്ലെങ്കിൽ പലർ) അധ്വാനം നിക്ഷേപിക്കുക, അങ്ങനെ പടുത്തുയർത്തുന്ന വ്യവസായത്തിലെ ലാഭം നിശ്ചിതാടിസ്ഥാനത്തിൽ പങ്കുവെക്കുക എന്ന നിലയുമാവാം. 'പാർടിസിപ്പേഷൻ ടേം സർട്ടിഫിക്കററ്' (പി. ടി. സി.) എന്ന പേരിൽ, ഒരു നിക്ഷേപ സംവിധാനവുമുണ്ട്. കമ്പനികളിലെ ഡിബെഞ്ചറുകളോടു് ഇവയെ താരതമ്യപ്പെടുത്താം.

ബാങ്കിങ്ങിന്റെ അടിസ്ഥാനം പലിശയല്ലാതാകുമ്പോറം, സമ്പാദകരെ നിക്ഷേപകർ കബളിപ്പിക്കാതിരിക്കുന്നതിനും, ന്യായമായ ലാഭം സമ്പാദകർക്ക് ഉറപ്പു വരുത്തുന്നതിനുമായി പല നിയമങ്ങളും നിർമിച്ചു നടപ്പിലാക്കേണ്ടതുണ്ട്. സാമ്പത്തികക്കുററങ്ങറംക്കു കടുത്ത ശിക്ഷ നൽകേണ്ടതു് ആവശ്യമായുംവരുന്നു. വ്യവസായങ്ങളിലെ ലാഭനഷ്ടങ്ങറം ഉടനുടൻ തിട്ടപ്പെടുത്താൻ കമ്പ്യൂട്ടറും മററും ഉപയോഗിച്ച് സംവിധാനങ്ങളുണ്ടാക്കണം. ഓരോ പുതിയ സംരംഭവും ലാഭകരമായിരിക്കുമെന്നു കഴിയുന്നത്ര മുൻകൂട്ടി ഉറപ്പുവരുത്തുകയും വേണം.

ഘട്ടം ഘട്ടമായി ഈ സാമ്പത്തികപരിഷ്കാരം നടപ്പിൽ വരുത്താമെന്നാണു് പാകിസ്ഥാൻ ഗവണ്മെൻറ് കരുതുന്നതു്. ഈ ലക്ഷ്യം മുൻനിറുത്തി മൂന്നു സ്ഥാപനങ്ങറം പാകിസ്ഥാൻ ഗവണ്മെൻറ് നിലവിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ട്. ഇവയിൽ 'നാഷണൽ ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ്' എന്ന പേരിലുള്ള ഒരു സ്ഥാപനം ഏറെക്കുറെ ഇന്ത്യയിലെ യൂനിററ് ട്രസ്റ്റിനോടു തുല്യമാണു്. 'ഇൻവെസ്റ്റ്മെൻറ് കോർപ്പറേഷൻ ഓഫ് പാകിസ്ഥാൻ' ആണു് ലാഭനഷ്ടപ്പങ്കാളിത്തത്തോടെ മൂലധനം നിക്ഷേപിക്കുന്നതിനു് ഉണ്ടാക്കിയിട്ടുള്ള മറെറാരു സ്ഥാപനം. മൂന്നാമത്തെ സ്ഥാപനമായ 'ഹൗസ് ബിൽഡിങ് ഫിനാൻസ് കോർപ്പറേഷൻ' ഇന്ത്യയിലെ ഹൗസിങ് ബോർഡുകറംപോലെയാണു്. പക്ഷേ, കടത്തിനു പലിശ വാങ്ങുന്നതിനു പകരം അവിടെ അവർ കെട്ടിടത്തിനു വാടക വാങ്ങുന്നു. പലിശ വേണ്ടെ

ന്നുവെച്ച് ലാഭനഷ്ടപ്പങ്കാളിത്തം ഏർപ്പെടുത്തിയതു് പാകിസ്ഥാനിലെ സമ്പാദകരെ നിരുത്സാഹപ്പെടുത്തിയിട്ടില്ലെന്നാണ് അറിയുന്നതു്. നാഷണൽ ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ് ജൂൺ 1982 വരെയുള്ള ഒരു കൊല്ലത്തിൽ നിക്ഷേപകർക്കു് 12.40 ശതമാനം ലാഭം നൽകിയത്രേ.

കമേഴ്സ്യൽ ബാങ്കുകളിൽ ലഭ്യമായ നിക്ഷേപത്തുകയിൽ നല്ലൊരു പങ്കു് ലാഭനഷ്ടപ്പങ്കാളിത്താടിസ്ഥാനത്തിലേ നിക്ഷേപിക്കാവൂ എന്നു് പാകിസ്ഥാൻ തീരുമാനിച്ചിട്ടുണ്ടു്. 1981 ജനുവരിമുതൽ പാകിസ്ഥാനിലെ അഞ്ചു ദേശസാൽക്കൃതബാങ്കുകളുടെ എല്ലാ ശാഖകളിലും 'ലാഭനഷ്ടപ്പങ്കാളിത്ത' കൗണ്ടറുകൾ തുറന്നിരിക്കുന്നു. ജനങ്ങൾക്കു് ഇവയിൽ ലാഭനഷ്ടപ്പങ്കാളിത്താടിസ്ഥാനത്തിലോ, പഴയപോലെ പലിശക്കോ, സേവിങ്സ് അക്കൗണ്ടിലും ഫിക്സഡ് ഡെപ്പോസിററുകളിലും പണം നിക്ഷേപിക്കാം. 1982 മാർച്ച് 25-നു് പാകിസ്ഥാനി ബാങ്കുകളിൽ ലാഭനഷ്ടപ്പങ്കാളിത്താടിസ്ഥാനത്തിലുള്ള നിക്ഷേപം എണ്ണൂററി ഇരുപത്തിമൂന്നു കോടി പത്തു ലക്ഷം രൂപയായിരുന്നുവത്രേ. പാകിസ്ഥാൻ കേന്ദ്ര-സംസ്ഥാനഗവൺമെൻറുകൾ, പാകിസ്ഥാൻ അരികയററുമതി കോർപ്പറേഷൻ, പാകിസ്ഥാൻ പരുത്തികയററുമതി കോർപ്പറേഷൻ, പാകിസ്ഥാൻ വ്യാപാര കോർപ്പറേഷൻ, ഉപഭോഗവസ്തു കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളുടെ ദൈനന്ദിനാവശ്യങ്ങൾക്കും, കയററുമതി-ഇറക്കുമതി ബില്ലുകൾ, ലെററർ ഓഫ് ക്രെഡിററ് മുതലായവ സംബന്ധിച്ച ഇടപാടുകൾക്കും, സാധാരണ കമ്പനിഷെയറുകളിൽ നിക്ഷേപിക്കുവാനും, മററുമാണ് ഈ പണം ഉപയോഗപ്പെടുത്തുന്നതു്.

ഇസ്ലാമിക് ബാങ്കിങ്ങിലേക്കുള്ള ആദ്യത്തെ ഏതാനും കാൽവെപ്പുകൾ മാത്രമേ ഇതിനകം പാകിസ്ഥാൻ എടുത്തുകഴിഞ്ഞിട്ടുള്ളു. സാമ്പത്തിക പ്രവർത്തനങ്ങളെ മുഴുവൻ ഇസ്ലാമീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറാവാൻ വളരെയേറെ കാലം പിടിച്ചേക്കും. ഇന്നത്തെ വ്യവസ്ഥിതിയിൽനിന്നു പുതിയ വ്യവസ്ഥിതിയിലേക്കുള്ള മാററത്തിന്റെ ആദ്യഘട്ടങ്ങളിൽ, 'പലിശ' എന്ന പേരു് എടുത്തുകളഞ്ഞു പകരം മററു ചില വാക്കുകൾ ഉപയോഗിക്കുന്നുവെന്നല്ലാതെ, അടിസ്ഥാനപരമായ മാററമൊന്നും വരുത്തിയിട്ടില്ലെന്നുപോലും തോന്നിയേക്കാമെന്നു്, ഇസ്ലാമിക് ബാങ്കിങ് സമ്പ്രദായത്തിനുവേണ്ടി ആവേശപൂർവം വാദിക്കുന്നവർപോലും സമ്മതിക്കുന്നുണ്ടു്.

മുതലാളിത്ത സമ്പദ്വ്യവസ്ഥയ്ക്കും കമ്യൂണിസ്റ്റ് സമ്പദ്വ്യവസ്ഥയ്ക്കും പകരം നില്ക്കുന്നതും തികച്ചും സ്വയംപൂർണവും പര്യാപ്തവുമായിരിക്കും ഇസ്ലാമിക സമ്പദ്ഘടനയെന്നു് അതിന്റെ വക്താക്കൾ അവകാശപ്പെടുന്നു. ഇസ്ലാമിക നവോത്ഥാനത്തിന്റെ അലകൾ കൂടുതൽ ശക്തിപ്പെടുന്നതോടെ, വിശുദ്ധ ഖുറാനിൽ നിരോധിക്കപ്പെട്ട പലിശസമ്പ്രദായം തികച്ചും അവസാനിപ്പിക്കുന്നതിനുള്ള പരിശ്രമം മുസ്ലിം രാഷ്ട്രങ്ങളിലാകെ ശക്തി പ്രാപിക്കാതിരിക്കയില്ല. ലോക സമ്പദ്ഘടനയിൽ ഇതുമൂലം ഗണ്യമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാനും സാധ്യതയുണ്ടു്. ഏതായാലും, ഇൻഡോണേഷ്യ കഴിഞ്ഞാൽ ഏററവുമധികം മുസ്ലിങ്ങളുള്ള രാജ്യമായ ഇന്ത്യയ്ക്കു് ഇസ്ലാമിക് ബാങ്കിങ്ങിൽ താല്പര്യമുണ്ടാകാതെ വയ്യ. സാമ്പത്തിക വിദഗ്ദ്ധന്മാർ ഇസ്ലാമിക് ബാങ്കിങ് സമ്പ്രദായത്തിന്റെ സിദ്ധാന്തം, പ്രയോഗം, ഇന്നത്തെ നില, നാളത്തെ സാധ്യത മുതലായവയെപ്പററി വിശദപഠനങ്ങൾ നടത്തുന്നതു് നന്നായിരിക്കും.

7 നവംബർ, 1982.